# വലിയനോമ്പ് എന്തിനുവേണ്ടി?

## ഫാ. ഡോ. കെ. എം. ജോർജ്

കർത്താവിന്റെ ഉയിർപ്പ് പെരുനാൾ ആഘോഷിക്കുന്നതിനുള്ള ഒരുക്കമായി സഭ ആചരിക്കുന്ന വലിയനോമ്പിലേക്ക് നാം പ്രവേശിച്ചു കഴിഞ്ഞിരിക്കുകയാണല്ലോ. വളരെ പുരാതനമായ ഈ നോമ്പ് കർത്താവെടുത്ത നാൽപ്പതു നോമ്പിന്റെ അനുസ്മരണയും അനുകരണവും കൂടിയാണ്. ആദിമകാലങ്ങളിൽ വലിയനോമ്പ് നാൽപതു ദിവസം തന്നെയായിരുന്നു. പിന്നീട് കർത്താവിന്റെ കഷ്ടാനുഭവം, മരണം, ഉയിർപ്പ് എന്നിവയെ സ്മരിക്കുന്ന ഒരാഴ്ച കൂടി അതോടൊപ്പം കൂട്ടിച്ചേർത്തു. അങ്ങിനെയാണ് അൻപത് നോമ്പ് ഉടലെടുത്തത്. സഭയുടെ ആദ്യത്തേതും അതിപുരാതനവുമായ ഈ നോമ്പിന് ഇന്ന് പല സഭകളും വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നില്ലായെന്നുള്ളത് ഖേദകരമാണ്. എന്നാൽ എല്ലാ ഓർത്തഡോക്സ് സഭകളിലും വലിയനോമ്പിന് സുപ്രധാനമായ സ്ഥാനം ഇന്നും നൽകിവരുന്നുണ്ട് എന്ന വസ്തുത ശ്രദ്ധേയമാണ്.

കർത്താവ് തന്റെ പരസ്യസേവനത്തിനുള്ള ഒരുക്കമായിട്ടാണ് മരുഭൂമിയിലേക്ക് പോകുന്നതും നാല്പതു ദിവസം ഉപവസിച്ച് പ്രാർത്ഥിക്കുന്നതും. തിന്മയുടേയും മരണത്തിന്റേയും മേലുള്ള സമ്പൂർണ്ണ വിജയമായിരുന്നു തന്റെ അന്തിമ ലക്ഷ്യം. കഠിനമായ ആത്മശിക്ഷണവും നിസ്തന്ദ്രമായ പ്രാർത്ഥനയും ജീവിതചര്യയായി സ്വീകരിച്ച ക്രിസ്തു പ്രാർത്ഥിച്ചതും ഉപവസിച്ചതും സകല മനുഷ്യവർഗ്ഗത്തിനും വേണ്ടിയായിരുന്നു. മനുഷ്യർക്കുണ്ടാകുന്ന എല്ലാ പരീക്ഷകളും കർത്താവിനുണ്ടായതായി വി. വേദപുസ്തകം രേഖപ്പെടുത്തുന്നു. കഠിനമായ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ശേഷമാണ് പരീക്ഷകൻ അടുത്തു വരുന്നത്. തിന്മയുടെമേൽ വിജയം പ്രാപിക്കാനുള്ള ശ്രമം മരുഭൂമിയിൽ വച്ച് അവസാനിക്കുന്നില്ല. തന്റെ ലോകജീവിതത്തിന്റെ അവസാന നാഴികവരെയും മനുഷ്യപുത്രൻ അന്ധകാരത്തിന്റെ ശക്തികളോട് സമരം ചെയ്തു. വലിയനോമ്പിൽ കർത്താവ് കാണിച്ചുതന്ന ഈ വലിയ മാതൃകയെ നാം പ്രത്യേകമായി സ്മരിക്കയും പിൻതുടരുകയും ചെയ്യുന്നു.

നോമ്പിന്റെ കാതൽ സ്നേഹനിർഭരമായ പ്രാർത്ഥനയാണ്. ഉപവാസവും ഭക്ഷണരീതികളിലുള്ള ശിക്ഷണവും സ്നേഹപൂർവ്വമായ പ്രാർത്ഥന പരിശീലിക്കാൻ നമ്മെ സഹായിക്കുന്ന ഉപാധികളാണ്. പല ആളുകളും കാതലായത് വിസ്മരിച്ച് ഉപവാസത്തെയും ചില അനുഷ്ഠാനങ്ങളെയും ലക്ഷ്യമായി സ്വീകരിക്കാറുണ്ട്. പരീശന്മാരുടെ നേമ്പിനെയും ഉപവാസത്തെയും കർത്താവ് അതികഠിനമായി ശാസിച്ചതായും പരിഹസിച്ചതായും നമുക്കറിയാം. അതിന്റെ കാരണം, ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായുണ്ടാകേണ്ട മനുഷ്യസ്നേഹവും സഹാനുഭൂതിയുമൊന്നും കൈവരിക്കാതെ, വെറും പ്രദർശനത്തിന്റെ പുറന്തോടുകളിൽ അവർ ദുരഭിമാനം കൊണ്ടിരുന്നു എന്നതാണ്. ആചാരങ്ങളും വ്രതാനുഷ്ഠാനങ്ങളും അവയിൽത്തന്നെ ഒരു ലക്ഷ്യമല്ല. 'ക്രിസ്തുവിലുള്ള അതേ ഭാവം' കൈവരിച്ച് ക്രിസ്ത്വനുരൂപികളായിത്തീരാൻ നമ്മെ സഹായിക്കുന്ന മാർഗ്ഗങ്ങളാണവ. എല്ലാറ്റിന്റെയും അന്തിമലക്ഷ്യം സ്നേഹം തന്നെ.

നോമ്പിനെക്കുറിച്ചും ഉപവാസത്തെക്കുറിച്ചും വളരെയേറെ സംശയങ്ങളുള്ള ഒരു തലമുറയാണ് നമ്മുടേത്. പ്രത്യേകിച്ച് പല യുവജനങ്ങളും അനാവശ്യമായ ഏതോ പഴഞ്ചൻ ആചാരമായിട്ടാണ് അവയെ കാണുന്നത്. സ്പോർട്ട്സിലും ഗെയിംസിലും സംഗീതാദികലകളിലുമൊക്കെ നിസ്തുലമായ വിജയം നേടുന്ന വ്യക്തികളൊക്കെ ശാരീരികവും മാനസികവുമായ അതികഠിന പരിശീലനം നടത്തുന്നവരാണ്. ഒരു ഒളിമ്പിക് ചാമ്പ്യന് സാധാരണക്കാർ കഴിക്കുന്ന രുചികരമായ പല ഭക്ഷണ സാധനങ്ങളും ഉപേക്ഷിക്കേണ്ടി വരും. ഒരു വലിയ സംഗീതജ്ഞന്റെ ശബ്ദ സൗഭഗം പുകവലിയും മദ്യപാനവും മൂലം അപകടത്തിലായെന്നു വരാം. ജീവിതത്തിൽ ഒരു തരം തപസ്സ് അനുഷ്ഠിച്ചെങ്കിൽ മാത്രമേ ഇവർക്കൊക്കെ അവരുടെ രംഗത്ത് അത്യുന്നതമായ വിജയം കൈവരിക്കാൻ കഴിയൂ. നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രാഥമികാർത്ഥം ഇതു തന്നെയാണ്. ശരീരത്തെയും മനസ്സിനെയും ശിക്ഷണം ചെയ്ത്, ഇന്ദ്രിയങ്ങളെ സംയമനം ചെയ്ത് ആഴമായ ആത്മിക സാധനയിലൂടെ, നമ്മെ വലയം ചെയ്യുന്ന അധമശക്തികളിന്മേൽ വിജയം പ്രാപിക്കുവാൻ അവ നമ്മെ സഹായിക്കുന്നു. ഉന്നതമായ ആത്മിക സിദ്ധികൾ കൈവരിക്കുന്ന വ്യക്തികൾ അവരുടെ സമസ്തേന്ദ്രിയങ്ങളെയും സംയമനം ചെയ്യാൻ കഴിവുള്ളവരാണ്.

ചില മതങ്ങൾ പഠിപ്പിക്കുന്നതുപോലെ, നോമ്പിലൂടെയും ഉപവാസത്തിലൂടെയും ലഭിക്കുന്ന സിദ്ധി ഒരു തരം സമ്പൂർണ്ണ നിസ്സംഗതയായിരിക്കണമെന്ന് ക്രിസ്തീയ വിശ്വാസം അനുശാസിക്കുന്നില്ല. സുഖദുഃഖങ്ങളോടും മനുഷ്യന്റെ കഷ്ടപ്പാടുകളോടുമുള്ള നിസ്സംഗതയല്ല കർത്താവ് തന്റെ ജീവിതത്തിൽ കാണിച്ചത്. മനുഷ്യരുടെ യഥാർത്ഥ സന്തോഷത്തിൽ പങ്കെടുക്കുകയും അവരുടെ ദുഃഖങ്ങളിൽ സ്നേഹാർദ്രമായ സഹാനുഭൂതി കാണിക്കുകയും ചെയ്യുന്ന മനസ്സായിരുന്നു കർത്താവിന്റേത്. മരവിച്ച നിർവ്വികാരതയും ശുഷ്ക്കമായ നിസ്സംഗതയുമാണ് തപോലക്ഷ്യമെന്ന് വിചാരിക്കുന്ന ക്രിസ്തീയ സന്യാസിമാരുണ്ട്. ഇത് ക്രിസ്തീയ സന്യാസത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണ മൂലമാണ്. ചിരിക്കയും കണ്ണീരൊഴുക്കയും ചെയ്യുന്ന മനുഷ്യപുത്രന്മാരോടൊപ്പം ചിരിക്കയും, കരയുകയും ദൈവത്തിന്റെ അദ്ഭുതകരമായ ശക്തിയും സ്നേഹവും അവർക്ക് കാണിച്ചു കൊടുക്കുകയും ചെയ്ത ഗലീലയിലെ മനുഷ്യപുത്രനാണ് നമ്മുടെ മാതൃക.

നോമ്പിനെ വ്യക്തിപരമായ ആത്മിക വർദ്ധനയ്ക്കുള്ള മാർഗ്ഗമായിട്ടാണ് മിക്കവരും കാണുന്നത്. എന്നാൽ

വ്യക്തിപരമായ അർത്ഥത്തോടൊപ്പം സാമൂഹ്യവും സഭാപരവുമായ ഒരു സുപ്രധാന വശം കൂടി ഇതിനുണ്ട്. ഒരു വ്യക്തി തിന്മയുടെ ശക്തികൾക്കധീനമാകുന്നതുപോലെ ചിലപ്പോൾ ക്രിസ്തീയ സമൂഹവും അതിന്റെ യഥാർത്ഥ ലക്ഷ്യം വിട്ട് അധികാരമോഹത്തിന്റെയും അനീതിയുടെയും ദുരഭിമാനത്തിന്റെയും ശക്തികൾക്ക് കൂട്ടാളിയാകാം. വലിയ നോമ്പ് സഭ മുഴുവനായുള്ള അനുതാപത്തിന്റെയും തിരിച്ചുവരവിന്റെയും സമയമാണ്. സമൂഹമെന്ന നിലയിൽ നമ്മിൽ നിന്ന് വന്നിരിക്കുന്ന വീഴ്ചകളും കുറവുകളും തിരിച്ചറിഞ്ഞ് നേതാക്കന്മാരും ജനങ്ങളും കൂടുതൽ ക്രിസ്തീയ വിനയത്തിലേക്കും സ്നേഹത്തിലേക്കും മടങ്ങുവാനുള്ള അവസരമായിട്ടാണ് നാം നോമ്പിനെ കാണുന്നത്. നോമ്പിന്റെ തുടക്കത്തിലും ഒടുക്കവും നടത്തുന്ന ഹൃദയസ്പർശിയായ 'ശുബ്ക്കോനോ' ശുശ്രൂഷ പൂർണ്ണമായ അനുരഞ്ജനത്തിന്റെയും പരസ്പര സ്നേഹത്തിന്റെയും സന്ദേശമാണ് വഹിക്കുന്നത്. നാം എന്തെല്ലാം കാനോനാകളും വിശ്വാസപ്രമാണങ്ങളും ഉദ്ധരിച്ചുകൊണ്ടിരുന്നാലും, ആത്യന്തികമായി, സഭകൾ തമ്മിലുള്ള ഐക്യവും മനുഷ്യർ തമ്മിലുള്ള സ്നേഹവുമാണ് ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്. മലങ്കരസഭയുടെ പ്രശ്നങ്ങൾക്ക് ഉത്തരം തേടേണ്ടത് ദൈവത്തിന്റെ പരിശുദ്ധാത്മാവിലാണ്. മനുഷ്യന്റെ കഴിവുകളിലല്ല. ഈ നോമ്പ് സഭയിൽ പരിശുദ്ധാത്മാവിന്റെ പുതിയ നീർച്ചാലുകൾ ഉയർത്തി, സഭയെ മുഴുവൻ ഉയിർപ്പിന്റെ അനുഭവത്തിലേക്ക് നയിക്കട്ടെ എന്ന് നമുക്ക് പ്രത്യാശിക്കയും പ്രാർത്ഥിക്കുകയും ചെയ്യാം.

(ഓർത്തഡോക്സ് യൂത്ത്, 1982 മാർച്ച്)